കള്ളിക്കാട് പഞ്ചായത്തിലെ വാട്ടർ സപ്ലൈ സ്കീം

257 [429] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറിൻകര നിയോജക മണ്ഡലത്തിലെ കള്ളിക്കാട് പഞ്ചായത്തിലെ വാട്ടർ സപ്ലൈ സ്കീം എത്രകാലത്തിനകം കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വരുന്ന ആറുമാസത്തിനകം കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പെരുമ്പഴുതൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

258 [430] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പെരുമ്പഴുതൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി ഏതു വരെയായെന്നും എത്രകാലത്തിനകം പൂർത്തിയാവുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

പെരുമ്പഴുതൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയിൽ പെടുന്ന ജലവിതരണ പൈപ്പുകൾ ഇട്ടുകഴിഞ്ഞു. ഇനി ടാങ്ക്, പമ്പിംഗ് മെഷീൻ, ഇൻടേക്ക് വർക്ക് തുടങ്ങിയ ജോലികൾ ചെയ്യേണ്ടതായുണ്ട്. ഒരു വർഷത്തിനകം പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

259 [431] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞിരംകുളം പഞ്ചായത്തിൽ ആനമരം വലിച്ച പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിരമായി കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി മെയിൻ ടാങ്കിൽ നിന്നും നേരിട്ട് പ്രസ്തുത ഭാഗത്ത് വെള്ളം എത്തിക്കാൻ ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാമെന്ന് വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി ജനങ്ങൾക്കും ജനപ്രതിനിധികൾക്കും കൊടുത്തിരുന്ന ഉറപ്പ് നടപ്പിലാക്കുമോ ;

(ബി) അത് നടപ്പിലാക്കുന്നതിനുള്ള സമയ പരിധി വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാഞ്ഞിരംകുളം പഞ്ചായത്തിൽ ശുദ്ധജലം എത്തിക്കുന്നതിനു ഒരു പദ്ധതി വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുണ്ട്. ഇതിനെ സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് കൊടുത്തതായി അറിയില്ല.

(ബി) സമയപരിധി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly